ജയിൽ ആസ്ഥാന കാര്യാലയം,
തിരുവനന്തപുരം,
തീയതി:.29/04/2016

നം.ജി2-7813/16

**സർക്കുലർ നം.-35/2016**

മന്ത്രിമാർ, ജനപ്രതിനിധികൾ, ഉന്നതഉദ്യോഗസ്ഥർ, വകുപ്പദ്ധ്യക്ഷൻ, മറ്റു വിശിഷ്ട വ്യക്തികൾ എന്നിവർ പങ്കെടുക്കുന്ന; ജയിലുകളിൽ സംഘടിപ്പിക്കുന്ന ഔദ്യോഗിക ചടങ്ങുകൾ ആരംഭിക്കുന്നതിനും, കൃത്യസമയത്ത് തുടങ്ങുന്നതിനും പരിപാടിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വേണ്ടത്ര മുന്നൊരുക്കം നടത്താത്തതിനാൽ അത്തരം പരിപാടികളിൽ പലപ്പോഴും തടസ്സം വരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഔദ്യോഗികമായി സംഘടിപ്പിക്കുന്ന പരിപാടികൾക്ക് ഇപ്രകാരം തടസ്സം വരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അശ്രദ്ധകൊണ്ട് സംഭവിക്കുന്നതാണ്. ആയതിനാൽ എല്ലാ ജയിൽ സൂപ്രണ്ടുമാരും ഡി.ഐ.ജി.-മാരും ഇനി മുതൽ ജയിലുകളിൽ പ്രോഗ്രാം നടത്തുന്നതിന് മുന്നോടിയായി പ്രോഗ്രാം ചാർട്ട് തയ്യാറാക്കി ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പരിപാടിയുടെ റിഹേഴ്സൽ നടത്തേണ്ടതുമാണ്.

പവർ പോയിന്റ് പ്രസന്റേഷൻ, മൈക്ക് സെറ്റ്- വോയ്സ് ക്ലിയറൻസ്, ലൈറ്റിംഗ്സ് തുടങ്ങിയ പരിപാടിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നതിന് പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഏൽപ്പിക്കേണ്ടതും ചടങ്ങുകൾ കൃത്യസമയത്ത് തുടങ്ങുന്നതിനും തടസ്സം കൂടാതെ നടത്തുന്നതിനും ആവശ്യമായ ശ്രദ്ധ ചെലുത്തേണ്ടതുമാണ് എന്നറിയിക്കുന്നു..

29/4

ഋഷി രാജ് സിംഗ്. ഐ.പി.എസ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസ്സസ്.

എല്ലാ ഡി.ഐ.ജി. മാർക്കും
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.